## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7240 — 3.11.2011-ൽ മറുപടിയ്ക്ക്

### പുതിയ കൃഷിത്തോട്ടങ്ങൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. പാലോട് രവി : | ശ്രീ . *കെ.പി.മോഹനൻ*<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) നടപ്പുസാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 18000 രൂപ നിരക്കിൽ 90 ലക്ഷം രൂപയും, 1100 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 288.8 ലക്ഷം രൂപയും, 5158 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 1354 ലക്ഷം രൂപയും, 50 ഹെക്ടറിൽ ടിഷ്യൂക്കൾച്ചർ വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 31202 രൂപ നിരക്കിൽ 15.601 ലക്ഷം രൂപയും, 300 ഹെക്ടർ സ്ഥലത്ത് കട്ട് ഫ്ളവർ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 35000 രൂപ നിരക്കിൽ 105 ലക്ഷം രൂപയും, 5 ഹെക്ടർ സ്ഥലത്തിൽ ലൂസ് ഫ്ളവർ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12000 രൂപ നിരക്കിൽ 60000 രൂപയും, 1000 ഹെക്ടർ സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി |

ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12500 രൂപ നിരക്കിൽ 125 ലക്ഷം രൂപയും, 750 ഹെക്ടർ സ്ഥലത്ത് സുഗന്ധവ്യഞ്ജന വിളകളുടെ പുതിയകൃഷി ത്തോട്ടങ്ങൾ സ്ഥാപിക്കുന്ന തിനായി ഹെക്ടറൊന്നിന് 20000 രൂപ നിരക്കിൽ 150 ലക്ഷം രൂപയും, 1000 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12000 രൂപ നിരക്കിൽ 120 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) നിലവിലുള്ള കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പ്രായം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ, കൊക്കോ, അടയ്ക്ക എന്നിവ മുറിച്ച് മാറ്റി പകരം അത്യുത്പാദനശേഷിയുള്ള തൈകൾ വെച്ച് പിടിപ്പിക്കുന്നതിനും, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഇതിനായി ഹെക്ടർ ഒന്നിന് മൊത്തം ചെലവ് വരുന്ന 30,000 രൂപയുടെ 50 ശതമാനം അതായത് 15,000 രൂപ ധനസഹായമായി നൽകുന്നു. ഒരു കർഷകന് പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. കുരുമുളകിന്റെ പുനരുദ്ധാരണം ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എന്നാൽ ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് ബോർഡ് മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊക്കോ, അടയ്ക്ക എന്നിവയുടെ പുനരുദ്ധാരണം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തി രമാണ് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ തോട്ടങ്ങളിൽ നവീന കൃഷിരീതികൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പ്രായം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ, കൊക്കോ, അടയ്ക്ക എന്നിവ മുറിച്ച് മാറ്റി പകരം അത്യുത്പാദനശേഷിയുള്ള തൈകൾ വെച്ച് പിടിപ്പിക്കുന്നതിനും, ആധുനിക കൃഷി സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. |

R. R. Balice

സെക്ഷൻ ഓഫീസർ